(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ.12/1167/2018

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
ഇടുക്കി, തൊടുപുഴ
തീയതി: 30.10.2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന
കരുണാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: കരുണാപുരം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3 ലെയും ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഐ.ഡി.കെ.12/1167/2018 തീയതി :30.10.2018

# ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.06.2017 മുതൽ 21.09.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. എം.വി. സിനി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.09.2018 മുതൽ 29.09.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം. കെ. മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. വി.ജി സജിമോൻ | ഓഡിറ്റ് ഓഫീസ്ര |
| | ശ്രീ. ആർ സാമുവൽ രാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. മേജോ കെ ജോർജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബിനുമോൻ കെ.സി | ഓഡിറ്റർ |

| | | |
|---|---|---|
| | ശ്രീ. ജോമോൻ ഫ്രാൻസീസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ശിവപ്രസാദ് തണ്ണിപ്പാറ | 01.04.2018 മുതൽ 31.03.2018വരെ |
| സെക്രട്ടറി | ശ്രീ ആർ വെള്ളയ്യൻ | 01.04.2018 മുതൽ 31.03.2018വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസ്സിസ്റ്റന്റ് സെക്രട്ടറി | ശ്രീ ബെന്നി മൈക്കിൾ | 01.04.2018 മുതൽ 31.03.2018വരെ |
| അസ്സിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ റഷീദ് P M | 01.04.2017 മുതൽ 04.10.2017 വരെ |
| | ശ്രീ. സുരേഷ്കുമാർ പി.എസ് | 5.10.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. ജയകൃഷ്ണ ജെ | 01.04.2017 മുതൽ 06.06.2017 വെര |
| | ശ്രീമതി. അശ്വതി റ്റി വാസു | 07.06.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. വിനീത.പി സൈമൺ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ബിന്ദു . ജി എസ് | 01.04.2017 മുതൽ 26.11.2017 വരെ |
| | ശ്രീമതി. പ്രഭ ജെ | 27.11.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ. മനോജ് എ. സി | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. ബിനേഷ് തോമസ് | 01.04.2017 മുതൽ 31.3.2018 വരെ |
| വെറ്റിനറി സർജൻ | ഡോ. കാളീശ്വരൻ | 01.04.2017 മുതൽ 26.11.2017 വരെ |
| | ഡോ. നിജിൻ ജോസ് | 27.11.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ | ഖണ്ഡിക | വിഷയം |
|---|---|---|

| നം | നം | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക ധനകാര്യ പത്രിക സംബന്ധിച്ച അപാകതകൾ |
| 13 | 2-1 | ഗ്രാമപഞ്ചായത്തിന് മുമ്പിലെ അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച്. |
| 14 | 2-2 | സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ലാത്തത് സംബന്ധിച്ച് |
| 15 | 2-3 | വാടക കടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച് |
| 16 | 2-4 | കാറ്റാടി യന്ത്രങ്ങളിൽ നിന്നും ലൈസൻസ് ഫീസും വസ്തു നികുതിയും ഈടാക്കാത്തത് സംബന്ധിച്ച്. |
| 17 | 3-1 | സാങ്കേതിക വിഭാഗം ജീവനക്കാരുടെ ദൗർലഭ്യം- വികസന പ്രവർത്തനങ്ങൾക്ക് തടസ്സംഅംഗൻവാടി നിർമ്മാണം -തുക ഡിപ്പോസിറ്റ് ചെയ്തു-നിർമ്മാണം ആരംഭിച്ചിട്ടില്ല. |

| | | |
|---|---|---|
| 18 | 3-2 | അംഗൻവാടി കെട്ടിടം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിക്കുന്നു |
| 19 | 3-3 | വാർഷിക പദ്ധതി- തനതു ഫണ്ടിന്റെ അശാസ്ത്രീയ വകയിരുത്തൽ |
| 20 | 3-4 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കുട്ടിയിട്ടില്ല |
| 21 | 3-5 | പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഗുരുതരമായ കാലവിളംബം |
| 22 | 3-6 | സംയോജിത പദ്ധതികൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ വിവരങ്ങളില്ല |
| 23 | 3-7 | ഗ്രാമസേവകൻ മാനദണ്ഡങ്ങൽ പാലിക്കാതെ പദ്ധതികൾ നടപ്പാക്കിയിരിക്കുന്നു. |
| 24 | 3-8 | പച്ചക്കറിത്തൈ വിതരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 25 | 3-9 | അംഗൻവാടി പോഷകാഹാരപദ്ധതി കേന്ദ്ര വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നില്ല |
| 26 | 3-10 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി അവലോകനം |
| 27 | 4-1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 28 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 29 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 30 | 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 31 | 4-5 | സ്ഥിര നിക്ഷേപം |
| 32 | 4-6 | ഓഡിറ്റ് റിക്കവറി |
| 33 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 34 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |

| | | |
|---|---|---|
| 35 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 36 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 37 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 38 | അനുബന്ധം-2 | ഓഡിറ്റ് അബ്സ്ട്രാക്റ്റ് |


# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്

27.03.2017തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം 2017-18 വർഷത്തെ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 28.02.2018 ലെ 5-1തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ബജറ്റ് 22.3.2017 നം (തീരുമാനം.1) പുതുക്കിയ ബജറ്റ് 11.1.2018 നം (തീരുമാനം. 3) അംഗീകരിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. 214 (1) വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം സെക്രട്ടറി, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ സമർപ്പിക്കുന്ന വിശദമായ എസ്റ്റിമേറ്റും നിർദേശങ്ങളും പരിഗണിച്ച് അതത് സ്റ്റാന്റിംഗ് കമ്മറ്റികൾ വിശദമായ പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നിശ്ചിത സമയക്രമത്തിനുള്ളിൽ ബജറ്റ് അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ടെങ്കിലും വിശദമായ ചർച്ച നടത്തിയിട്ടില്ല. ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. 2017-18 ലെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് -ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 6103571.00 |
| വരവ് | 211324460.00 |
| ചെലവ് | 215884349.00 |
| നീക്കിയിരിപ്പ് | 1543682.00 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 04.05.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 11.06.2018 മുതൽ 12.06.2018 വരെ | കെ.എസ്.എ/ഐ.ഡി.കെ. 2/677/2018(17) തീയതി. 29.08.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,78,35,861.00 |
| വരവ് | 8,70,27,391.00 |
| ആകെ | 10,48,63,252.00 |
| ചെലവ് | 9,33,88,220.00 |
| നീക്കിയിരിപ്പ് | 1,14,75,032.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18983000 | 18983000 | 9945911 | 9037089 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3948587 | 3948587 | 3865195 | 83392 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 74969 | 74969 | 9000 | 65969 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 23923000 | 23923000 | 22247410 | 1675590 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4417000 | 4417000 | 4286049 | 130951 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 8915412 | 8915412 | 8910556 | 4856 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 2249193 | 2249193 | 2179636 | 69557 |
| സാക്ഷരത | 29222 | 1169 | 30391 | 0 | 30391 |
| ദുരിതാശ്വാസനിധി | 10074 | 403 | 10477 | 0 | 10477 |

| | | | | | | |
|---|---|---|---|---|---|---|
| എം. ജി. എൻ. ആർ. ഇ. ജി. എസ് | തൊഴിലാളികളുടെ കൂലി | 0 | 79304575 | 79304575 | 79304575 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 385810 | 2334494 | 2720304 | 2583373 | 136931 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| എസ്.ജി.ആർ.വൈ | | 12615 | 505 | 13120 | 0 | 13120 |
| പശ്ചിമഘട്ടവികസനം | | 17155 | 686 | 17841 | 0 | 17841 |
| ഐ.സി.ഡി.എസ് | | 75741 | 1350849 | 1426590 | 0 | 1426590 |
| എസ്.എസ്.എ | | 28253 | 1130 | 29383 | 0 | 29383 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ശുചിത്വമിഷൻ | | 0 | 156750 | 156750 | 131750 | 25000 |
| ജലനിധി | | 2135275 | 3392795 | 5528070 | 3496798 | 2031272 |
| സാമൂഹ്യക്ഷേമവകുപ്പ് | | 0 | 86400 | 86400 | 86400 | 0 |
| വിമുക്തി | | 0 | 12500 | 12500 | 0 | 12500 |
| ജവഹർ | | 500 | 1600000 | 1600500 | 1600000 | 500 |
| മറ്റിനം | | 3502531 | 166667 | 3669198 | 3669198 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 252806 | 252806 | 252706 | 100 |
| | ജില്ലാ പഞ്ചായത്ത് | 0 | 1200000 | 1200000 | 1200000 | 0 |
| ബി ഫണ്ട് | | 0 | 40385880 | 40385880 | 40385880 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 8321000 | 8321000 | 8321000 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2862665 | 13802785 | 16665450 | 9576069 | 7089381 |
| | ട്രഷറി അക്കൗണ്ട് | 7899049 | 9467000 | 17366049 | 18381717 | -1015668 |

| | | | | | |
|---|---|---|---|---|---|
| മറ്റിനം | | | | | |
| ഗുണഭോക്തൃവിഹിതം | 36613 | 1296750 | 1333363 | 618750 | 714613 |
| ഡെപ്പോസിറ്റ് | 840358 | 394368 | 1234726 | 282125 | 952601 |

കുറിപ്പ്-

1. തനത് ഫണ്ട് ബാങ്ക് മുന്നിരിപ്പിൽ 7242167.00 (ബാങ്ക്-4569946.00+2672221.00) നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി നിക്ഷേപിച്ച 4379502.00 (ഗുണഭോക്തൃവിഹിതം-36613.00, ഡെപ്പോസിറ്റ്- 840358.00, മറ്റിനം- 3502531.00) കുറവ് ചെയ്തിട്ടുണ്ട്. (7242167.00- 4379502.00 = 2862665.00)

2. ട്രഷറി അക്കൗണ്ട് മുന്നിരിപ്പിൽ 7974790.00നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി നിക്ഷേപിച്ച 75741.00 (ഐ.സി.ഡി.എസ്-75741.00) കുറവ് ചെയ്തിട്ടുണ്ട്. (7974790.00 – 75741.00 = 7899049.00)

3. തനത് ഫണ്ട് ബാങ്ക് നീക്കിയിരിപ്പിൽ 8794095.00 (ബാങ്ക്-2341807.00 + 38204.00 + 6414084.00) നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി നിക്ഷേപിച്ച 1704714.00 (ഗുണഭോക്തൃവിഹിതം – 714613.00, ഡെപ്പോസിറ്റ് – 952601.00, ടോട്ടൽ സാനിറ്റേഷൻ- 25000.00, വിമുക്തി- 12500.00) കുറവ് ചെയ്തിട്ടുണ്ട്. (8794095.00- 1704714.00 = 7089381.00)

4. ട്രഷറി നീക്കിയിരിപ്പിൽ 411022.00 നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി നിക്ഷേപിച്ച 1426690.00 (ബ്ലോക്ക് പഞ്ചായത്ത്-100.00, ഐ.സി.ഡി.എസ്-1426590.00) കുറവ് ചെയ്തിട്ടുണ്ട്. (411022.00 – 1426690 = (-)1015668.00)

5. 28.03.2018 ന് ട്രഷറി അക്കൗണ്ടിൽ നിന്നും 49992177.00 രൂപ സർക്കാർ സഞ്ചിത നിധിയിലേയ്ക്ക് മാറ്റി. 9.4.2018 ന് തുക തിരികെ ലഭിച്ചു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | 100973548 | 147 | 54623142 | 26 | 19 | 76.56 |

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക പദ്ധതി പഞ്ചായത്ത് കമ്മറ്റിയുടെ 27.5.2017 ലെ 1-1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 3.07 കോടി അടങ്കലിൽ 72 പ്രോജക്ടുകൾ സ്പിൽ ഓവറും 7.02 കോടി അടങ്കലിൽ 120 പ്രോജക്ടുകൾ പുതിയതുമാണ്. സ്പിൽ ഓവറിൽ 59 പ്രോജക്ടുകളിലായി 1.37 കോടി രൂപ ചെലവഴിച്ചപ്പോൾ (44.73 ശതമാനം) പുതിയവയിൽ 88 പ്രോജക്ടുകളിലായി 4.08 കോടി രൂപയാണ് (58.20 ശതമാനം) ചെലവഴിച്ചിട്ടുള്ളത്.

പഞ്ചായത്ത് കമ്മറ്റിയുടെ 25.7.2017 ലെ 1-1 തീരുമാന പ്രകാരം 2017 ഡിസംബർ 31 നകം പദ്ധതി പുരോഗതി 70 ശതമാനം കൈവരിക്കണമെന്ന് നിർദേശിച്ചിരുന്നു. എന്നാൽ, ലക്ഷ്യം കൈവരിക്കുന്നതിന് പഞ്ചായത്തിന് സാധിച്ചില്ല. 75 ശതമാനം പദ്ധതികൾ സാമ്പത്തിക വർഷത്തിന്റെ അവസാന മൂന്ന് മാസമാണ് ചെയ്തിട്ടുള്ളത്. 2017-18 വർഷത്തിൽ ഉൾപ്പെട്ടതും എന്നാൽ പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ടതുമായ പദ്ധതികളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്റ്റിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 21/2017-18 | ജവഹർ ഭവനപദ്ധതി | 11760000 |
| 2 | 45/2017-18 | ചെമ്പക്കുളം വെയിറ്റിംഗ് ഷെഡ് | 42887 |
| 3 | 63/2017-18 | ളുക്കുപാലം മാർക്കറ്റ് മുള്ളുവേലി നിർമ്മാണം | 250000 |
| 4 | 64/2017-18 | ഹോമിയോ ആശുപത്രി മെയിന്റനൻസ് | 233000 |
| 5 | 77/2017-18 | പ്രകാശ്ഗ്രാം 77 നമ്പർ അംഗൻവാടി ചുറ്റുമതിൽ | 60518 |
| 6 | 78/2017-18 | ളുക്കുപാലം മാർക്കറ്റ് ടോയ്‌ലെറ്റ് നിർമ്മാണം | 200000 |
| 7 | 81/2017-18 | പി.എച്ച്.സി കുഴിത്തൊളു ടോയ്‌ലെറ്റ് നിർമ്മാണം | 200000 |
| 8 | 167/2017-18 | ജനറേറ്ററിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിന്നും എൻ.ഒ.സി | 100000 |
| 9 | 168/2017-18 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ | 482360 |
| 10 | 170/2017-18 | ആട്ടിൻകുട്ടി വിതരണം-പട്ടികജാതി യുവജനക്ഷേമം | 208906 |
| 11 | 171/2017-18 | കന്നുകുട്ടി പരിപാലനം | 262500 |
| 12 | 172/2017-18 | കട്ടേക്കാനം-ഈറ്റക്കാനം റോഡ് ടാറിംഗ് | 250000 |
| 13 | 8/2017-18 | ബാലസഭ പഞ്ചായത്ത് വിഹിതം നൽകൽ | 35000 |
| 14 | 9/2017-18 | കേരളോത്സവം | 50000 |
| 15 | 107/2017-18 | മാലിന്യസംസ്കരണം-സ്ഥലം വാങ്ങൽ | 1898300 |
| 16 | 135/2017-18 | മയ്യത്താംകര നിരപ്പേൽപാറ റോഡ് റി ടാറിംഗ് | 200000 |
| 17 | 139/2017-18 | കരുണാപുരം തണ്ണിപ്പാറ റോഡ് മെയിന്റനൻസ് | 200000 |
| 18 | 164/2017-18 | അംഗൻവാടികളുടെ വൈദ്യുതീകരണം | 100000 |
| 19 | 209/2017-18 | പഞ്ചായത്ത് ഓഫീസ് വയറിംഗ് & നെറ്റ്‌വർക്കിംഗ് | 400000 |

മേൽ പ്രോജക്റ്റുകളിൽ ജവഹർ ഭവനപദ്ധതി 2016-17 സാമ്പത്തിക വർഷം പൂർത്തീകരിച്ചിട്ടുള്ളതാണ്. പക്ഷേ 2017-18 സാമ്പത്തിക വർഷവും പ്രോജക്ട് ആവിഷ്കരിച്ചിരിച്ചിട്ടുള്ളത് പദ്ധതി ആസൂത്രണത്തിന്റെ പോരായ്മയാണ്.

2017-18 സാമ്പത്തിക വർഷത്തെ പ്രോജക്ടുകളുടെ രൂപീകരണത്തിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2017 മാർച്ചിൽ യോഗം ചേർന്നിരുന്നു. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ കൃഷി, ദാരിദ്ര്യലഘൂകരണം, വിദ്യാഭ്യാസം കുടിവെള്ളവും ശുചിത്വവും സാമൂഹ്യക്ഷേമം, ചെറുകിട വ്യവസായം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ നിർദേശങ്ങളും തീരുമാനങ്ങളും കൈക്കൊണ്ടിട്ടില്ല. മറ്റ് വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗത്തിൽ പൊതുവായ ചർച്ചകൾ നടന്നിട്ടുണ്ടെങ്കിലും അതത് വർക്കിംഗ് ഗ്രൂപ്പുകളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിന്മേൽ ആഴത്തിലുള്ള ചർച്ച നടന്നിട്ടില്ല. വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിംഗും അവലോകനവും നടത്തിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളും ഗ്രാമസഭകളും നിർദേശിച്ച പാൽ മൂല്യവർദ്ധിത യൂണിറ്റ്, സ്ലോട്ടർ ഹൗസ്, പട്ടികജാതി പട്ടികവർഗ്ഗ യുവജനങ്ങൾക്ക് സ്വയം തൊഴിൽ പരിശീലനം, വിവിധ ആശുപത്രികളുടെ നവീകരണം, മാർക്കറ്റുകളുടെ നവീകരണം, അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രോജക്ടുകൾ

2017-18 വർഷം നടപ്പാക്കിയിട്ടില്ല. വിവിധ ഗ്രാമസഭകളിൽ നിന്നും വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നുമുള്ള നിർദേശങ്ങൾ പരിഗണിച്ച് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മറ്റികളും പഞ്ചായത്ത് ഭരണ സമിതിയും ശ്രദ്ധിക്കേണ്ടതാണ്. രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പഞ്ചായത്തിൽ ആവിഷ്കരിച്ചിട്ടുള്ള ജലനിധി പദ്ധതി ഗുണഭോക്താക്കൾക്ക് ഉപകാരപ്പെടും വിധം തുടർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ അവസ്ഥാ വിശകലന റിപ്പോർട്ട് പ്രകാരം ഭൂരിഭാഗം ജനങ്ങളും കാർഷികമേഖലയെ ആശ്രയിച്ച് കഴിയുന്നവരാണ്. അതിനാൽ ഉല്പാദനമേഖലയക്ക് പ്രത്യേക ശ്രദ്ധ നൽകി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. കാർഷിക മേഖലയിലെയും മൃഗസംരക്ഷണ മേഖലയിലേയും പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കിയിട്ടില്ല. ഗ്രാമസേവകൻ ആവിഷ്കരിച്ച വിവിധ പ്രോജക്ടുകൾ ഫയൽ പരിപാലിക്കുന്നതിൽ ഗുരുതര വീഴ്ച സംഭവിച്ചിട്ടുണ്ട്. എസ്റ്റിമേറ്റോ വാല്യുവേഷനോ മോണിറ്ററിംഗോ നടത്താതെയാണ് പണം നൽകിയിട്ടുള്ളത്. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ പദ്ധതികളുടെ ഫലപ്രദമായ മോണിറ്ററിംഗ് നടത്തിയിട്ടില്ല. പദ്ധതികൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ നടപ്പാക്കുന്നുണ്ട് എന്ന് വർക്കിംഗ് ഗ്രൂപ്പുകൾ ഉറപ്പു വരുത്തേണ്ടതാണ്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 100.00 | 2300000 | 1010000 | 43.91 |
| വെറ്ററിനറി സർജൻ | 8 | 6 | 75.00 | 5187706 | 1339001 | 25.81 |
| മെഡിക്കൽ ഓഫീസർ-ആരോഗ്യം | 5 | 4 | 80.00 | 2050000 | 1182220 | 57.67 |
| ഗ്രാമസേവകൻ | 11 | 10 | 90.91 | 15179127 | 2167580 | 14.28 |
| ശിശുവികസന ഓഫീർ | 5 | 5 | 100.00 | 7562000 | 3993208 | 52.81 |
| ക്ഷീരവികസന ഓഫീസർ | 1 | 1 | 100.00 | 2334390 | 2334390 | 100.00 |
| സെക്രട്ടറി | 23 | 13 | 56.52 | 15194788 | 9941610 | 65.43 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 133 | 102 | 76.69 | 48080537 | 29945133 | 62.28 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 4 | 100.00 | 3085000 | 2710000 | 87.84 |
| ആകെ | 192 | 147 | 76.56 | 100973548 | 54623142 | 54.10 |

ഉല്പാദന മേഖലയിൽ 1.51 കോടിയുടെ 13 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 10 പ്രോജക്ടുകളിലായി 0.52 കോടി രൂപ ചെലവഴിച്ചു. സേവന മേഖലയിൽ 4.47 കോടിയുടെ 67 പ്രോജക്ടുകളും പശ്ചാത്തലമേഖലയിൽ 4.47 കോടിയുടെ 112 പ്രോജക്ടുകളും 2017-18 വർഷം ആവിഷ്കരിച്ചതിൽ യഥാക്രമം 50 പ്രോജക്ടുകളിലായി 2.07 കോടിയും 87 പ്രോജക്ടുകളിലായി 2.87 കോടിയും ചെലവഴിച്ചിട്ടുണ്ട്. വിവിധ വിഭാഗങ്ങൾക്കായി വകയിരുത്തിയ പ്രോജക്ടുകളുടെയും നടപ്പാക്കിയ പ്രോജക്ടുകളുടെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| പൊതു വിഭാഗം | 178 | 135 | 75.84 | 95784195 | 50745197 | 52.98 |
| പട്ടികജാതി വിഭാഗം | 13 | 11 | 84.62 | 5081353 | 3868945 | 76.14 |
| പട്ടികവർഗ്ഗ വിഭാഗം | 1 | 1 | 100.00 | 108000 | 9000 | 8.33 |

പട്ടികവർഗ്ഗ വിഭാഗത്തിനായി 1.08 ലക്ഷം രൂപയുടെ പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും കേവലം 8.33 ശതമാനം തുകമാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ സർവ്വോന്മുഖ പുരോഗതിക്കായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വൃദ്ധർക്കായി 14.28 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും 2014-18 പ്രോജക്ടുകൾ നടപ്പാക്കിയില്ല. യുവജന വികസന പരിപാടിയ്ക്കായി 3 പ്രോജക്ടുകളിൽ 3.66 ലക്ഷം വകയിരുത്തിയെങ്കിലും കേവലം 9000.00 മാത്രമാണ് (1 പ്രോജക്ട്) ചെലവഴിച്ചത്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 385810 | 2334494 | 2720304 | 2583373 | 136931 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 79304575 | 79304575 | 79304575 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

2017-18 ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 48480 | 48 |
| കർഷകതൊഴിലാളി പെൻഷൻ | 2159800 | 215 |
| വിധവാപെൻഷൻ | 13406100 | 1253 |
| വാർദ്ധക്യകാലപെൻഷൻ | 21410800 | 1932 |
| വികലാംഗപെൻഷൻ | 3205700 | 302 |
| അവിവാഹിത പെൻഷൻ | 125000 | 15 |
| വിവാഹ ധനസഹായം | 30000 | 3 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.09.2018 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹324/- ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലും പദ്ധതി ആസൂത്രണ ഗ്രാമസഭകൾ ചേരുകയും 2017-18 പദ്ധതി നിർദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പ്രോജക്ടുകൾക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി പ്രത്യേക ഗ്രാമസഭായോഗങ്ങൾ ചേർന്നിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ എല്ലാമാസവും യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മുൻ മാസത്തെ വരവ് ചെലവുകൾ അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട്. 10.4.2017ലെ 2-ാം നമ്പർ തീരുമാനപ്രകാരം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റെടുക്കുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും തുടർ നടപടികൾ സ്വീകരിച്ചില്ല. നികുതി പിരവ് കാര്യക്ഷമമാക്കണമെന്ന് 10.4.2017, 24.7.2017, 20.10.2017 തീയതികളിൽ നിർദേശങ്ങൾ നൽകിയിരുന്നുവെങ്കിലും നികുതി പിരിവിൽ കാര്യമായ പുരോഗതി കൈവരിക്കുന്നതിന് സാധിച്ചില്ല. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത നികുതി വരുമാനം ₹5300000.00 ആയിരുന്നു എന്നാൽ 2017-18 ലെ യഥാർത്ഥ നികുതി വരുമാനം ₹7924119.00 ആണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എല്ലാ മാസവും നിർദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ 192 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 147 എണ്ണം മാത്രമാണ് നടപ്പാക്കിയത്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങളിൽ വിവിധ സാമൂഹ്യക്ഷേമ പദ്ധതികളുടെ അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടുള്ളതല്ലാതെ കമ്മറ്റി കീഴിൽ വരുന്ന വിവിധ വിഷയങ്ങളിന്മേൽ ചർച്ചകൾ നടന്നിട്ടില്ല. പട്ടികജാതി-പട്ടിവർഗ്ഗ വിഭാഗങ്ങളുടെ സർവ്വോന്മുഖമായ വികസനത്തിനുതകുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി പഞ്ചായത്തിലെ മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും മാലിന്യ സംസ്കരണത്തിനുള്ള ക്രിയാത്മകമായ പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ കൃഷി, ദാരിദ്ര്യലഘൂകരണം, വിദ്യാഭ്യാസം കുടിവെള്ളവും ശുചിത്വവും സാമൂഹ്യക്ഷേമം, ചെറുകിട വ്യവസായം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ നിർദേശങ്ങളും തീരുമാനങ്ങളും കൈക്കൊണ്ടിട്ടില്ല. പദ്ധതികളുടെ ഫലപ്രദമായ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

ആസ്തി രജിസ്റ്റർ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ തൃപ്തികരമായി പരിപാലിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണങ്ങളിന്മേൽ കൃത്യ സമയത്ത് നടപടിയെടുക്കുന്നതിന് സാധിച്ചിട്ടില്ല. ജീവനക്കാർക്ക് ജോലി വിഭജനം ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ മോണിറ്ററിംഗ് നടക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.09.2018 | 2018 ജൂലൈ, ഓഗസ്റ്റ് | 05.09.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.08.2016 | 2015-16 വരെ | 26.09.2016 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെ പറയുന്നവ പരിഹരിക്കാൻ അവശേഷിക്കുന്നു.

1) വസ്തു നികുതി സഞ്ചയ പ്രകാരമുള്ള വരവ്, കുടിശ്ശിക തുകകളുമായി വാർഷിക കണക്കുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

2) വസ്തു നികുതി കുടിശ്ശികയ്ക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത വാർഷിക ധനകാര്യപത്രികയുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ഇല്ല

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഗ്രാമപഞ്ചായത്തിന് മുമ്പിലെ അനധികൃത കെട്ടിട നിർമ്മാണം - നടപടി സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ അനധികൃത കെട്ടിട നിർമ്മാണം നടക്കുന്നുണ്ടെന്നും ആയത് സംബന്ധിച്ച താഴെ വ്യക്തമാക്കുന്ന പരാതികൾ ലഭിച്ചിട്ടുള്ളതായും കെട്ടിട നിർമ്മാണ അനുമതി ഫയലുകളുടെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

| തപാൽ നം, തീയതി | പരാതിക്കാരൻ | പരാതി |
|---|---|---|
| എ4-2887/2018, 21.5.18 | കെ.കുമാർ ബി.ജെ. പി നിയോജക മണ്ഡലം പ്രസിഡന്റ് | 17-ാം വാർഡിലെ അനധികൃത കെട്ടിട നിർമ്മാണം |
| എ4-4743/2018, 25.7.18 | പേര് വ്യക്തമാക്കിയിട്ടില്ല | 17-ാം വാർഡിൽ നിർമ്മിക്കുന്ന 5 അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ച പരാതി |
| എ4-4805/2018, 26.7.2018 | വി എം ഉണ്ണികൃഷ്ണപിള്ള, സോഷ്യൽ ആക്ടിവിസ്റ്റ് | 17 ാം വാർഡിൽ നിർമ്മിക്കുന്ന 5 അനധികൃത കെട്ടിടങ്ങൾ സംബന്ധിച്ച പരാതി |

21.5.2018 ൽ തന്നെ അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് പരാതി ലഭിച്ചിരുന്നുവെങ്കിലും 19.7.2018 ൽ മാത്രമാണ് സ്റ്റോപ്പ് മെമ്മോ നൽകുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിരിക്കുന്നത്.

ഉടുമ്പൻചോല തഹസിൽദാരുടെ ജി.2/7026/2018 തീയതി 31.07.2018 നമ്പർ നിരോധന ഉത്തരവ് (കരുണാപുരം വില്ലേജ് ഓഫീസറുടെ 28.7.2018 ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ) പ്രകാരം അനധികൃത കെട്ടിടങ്ങൾ നിർമ്മിക്കുന്നവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ സാബു മേലേതിൽ പുത്തൻവീട്, കരുണാപുരം ഉൾപ്പെടെ 6 പേർ

2. ശ്രീതി ഉമ്മുഗുൽസ്, കാനത്തിൽ ചോവൂർ വീട് കരുണാപുരം

3. ശ്രീമതി രമണി & ശ്രീ കൊച്ചുകുഞ്ഞ് അജയ് ഭവനം ഉക്കുപാലം കരുണാപുരം,

4. പ്രസിഡന്റ്, എസ്. എൻ. ഡി. പി കരുണാപുരം ശാഖ-1382

5. പ്രസിഡന്റ്, ഹിദായത്തുൽ ഇസ്ലാം ജമാഅത്ത്, കരുണാപുരം

6. പ്രസിഡന്റ് എൻ എസ് എസ് കരയോഗം കരുണാപുരം

മേൽ പ്രസ്താവിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് റവന്യൂ വകുപ്പ് നിരോധന ഉത്തരവ് നൽകിയിട്ടുള്ളതും കെട്ടിട നിർമ്മാണം തടഞ്ഞിട്ടുള്ളതുമാണ്.

ഗ്രാമപഞ്ചായത്തിൽ ലഭ്യമായ ഫയലുകൾ പരിശോധിച്ചതിൽ താഴെ വ്യക്തമാക്കുന്ന ഗുരുതരമായ അപാകതകൾ ഉദ്യോഗസ്ഥരുടെയും പഞ്ചായത്ത് ഭരണ സമിതിയുടെയും ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്.

1. ബന്ധപ്പെട്ട ഫീൽഡ് സ്റ്റാഫ് അനധികൃത കെട്ടിട നിർമ്മാണം 19.07.2018 ൽ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം (3) ന് നൽകിയ മറുപടിയിൽ ഓഡിറ്റ് എൻക്വയറിയിൽ വ്യക്തമാക്കിയ കാര്യങ്ങൾ മാത്രം ഉൾപ്പെടുത്തികൊണ്ടുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ മറുപടി അംഗീകരിക്കത്തക്കതല്ല.

നിലവിൽ കെട്ടിടങ്ങൾ എല്ലാം 2 നില നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഈ ഘട്ടത്തിലാണ് റെവന്യൂ, പഞ്ചായത്ത് അധികാരികൾ സ്റ്റോപ് മെമ്മോ നൽകിയിരിക്കുന്നത്. ആയതിനാൽ നിർമ്മാണം ആരംഭിച്ച വേളയിൽ തന്നെ സ്റ്റോപ് മെമ്മോ നൽകിയതാണെന്ന വാദവും അംഗീകരിക്കത്തക്കതല്ല.

ഗ്രാമപഞ്ചായത്തിന് മുമ്പിൽ നടന്ന അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ യഥാസമയം നടപടികൾ സ്വീകരിക്കാതിരുന്നത് ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വിശദീകരണം ഹാജരാക്കേണ്ടതാണ്. മാത്രമല്ല 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 20(3) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം (20) പ്രകാരം "അനധികൃതമായി ആരംഭിച്ചതോ നടന്നുകൊണ്ടിരിക്കുന്നതോ, പൂർത്തിയായതോ ആയ നിർമ്മാണങ്ങളിൽ മാറ്റം വരുത്തുകയോ അല്ലെങ്കിൽ പൊളിച്ചുകളയുകയോ ചെയ്യുന്നതിനും" ചട്ടം 21 പ്രകാരം ചില സാഹചര്യങ്ങളിൽ കെട്ടിട നിർമ്മാണ ജോലികൾ നിർത്തിവെക്കുന്നതിനുള്ള ഉത്തരവ് നൽകുന്നതിനും സെക്രട്ടറിക്ക് അധികാരം നൽകിയിട്ടുണ്ട്. കെട്ടിടങ്ങൾ എല്ലാം 2 നില നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിന്റെ 100 മീറ്റർ പരിധിയിലുള്ള അനധികൃത കെട്ടിട നിർമ്മാണങ്ങൾ 2 നില പൂർത്തിയാകുന്നത് വരെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 21.5.2018 ൽ തന്നെ അനധികൃത നിർമ്മാണം സംബന്ധിച്ച പരാതി ഗ്രാമപഞ്ചായത്തിൽ ലഭിച്ചുവെങ്കിലും 19.07.18 ൽ മാത്രമാണ് നിർമ്മാണം മാത്രമാണ് സ്റ്റോപ്പ് മെമ്മോ നൽകിയിരിക്കുന്നത്. കെട്ടിടങ്ങൾ നിർമ്മാണം തുടങ്ങിയ വേളയിൽ തന്നെ ചട്ടം 20, 21 എന്നിവ പ്രകാരം കെട്ടിട നിർമ്മാണം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, ജനറൽ കമ്മറ്റി എന്നിവ 19.7.2018 മുമ്പോ ശേഷമോ മേൽ കെട്ടിട നിർമ്മാണം കമ്മറ്റിയുടെ പരിഗണനയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 2-2 നിരവധി സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

സഞ്ചയ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം വസ്തുനികതി നിർണ്ണയം നടത്തിയിട്ടുള്ള താഴെ വ്യക്തമാക്കുന്ന സ്ഥാപനങ്ങൾ 2017-18 വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം | വാർഡ് | നമ്പർ | പേര് | ഉപയോഗക്രമം |
|---|---|---|---|---|
| 1 | 4 | 30 | മറിയാമ്മാ അബ്രഹാം | ഹോം സ്റ്റേ |
| 2 | 4 | 31 | മറിയാമ്മാ അബ്രഹാം | ഹോം സ്റ്റേ |
| 3 | 4 | 311,312, 313, 314, 315 | പി.കെ ജോൺ, പുന്നമൂട്ടിൽ | വാണിജ്യം, റെസ്റ്റോറന്റ്, ഹോട്ടൽ |
| 4 | 4 | 504 | വിജയൻ ബി | കൈത്തറി ഷെഡ്, കയർപിരി ഷെഡ് |
| 5 | 4 | 526 | അൻവർ സദാത്ത്, സലാം ഹൗസ് | കൈത്തറി ഷെഡ്, കയർപിരി ഷെഡ് |
| 6 | 4 | 527,528,530 | അൻവർ സദാത്ത്, സലാം ഹൗസ് | റിസോർട്ട് |
| 7 | 5 | 230-211 | സെക്രട്ടറി, ഡി.റ്റി.പി.സി | റിസോർട്ട് |
| 8 | 5 | 232 | സനൽകുമാർ | റിസോർട്ട് |
| 9 | 5 | 562-584 | കെ.എസ്. സോമൻപിള്ള | റിസോർട്ട് |
| 10 | 5 | 635 | കെ.പി ശശ്ശികുമാർ | ഹോം സ്റ്റേ |
| 11 | 5 | 536,37 | സുരേഷ് പി.എൻ | റിസോർട്ട് |
| 12 | 5 | 649 | ജോസ് തോമസ് | ഹോം സ്റ്റേ |
| 13 | 5 | 654-660 | അന്ന മോഹൻ | റിസോർട്ട് |
| 14 | 6 | 12 | അബ്ദുൾ ജബ്ബാർ | ഹോം സ്റ്റേ |
| 15 | 6 | 457-460 | വിപിൻകുമാർ | കൈത്തറി ഷെഡ്, കയർപിരി ഷെഡ് |

സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (8) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കേവലം 3 വാർഡുകളിലെ ഹോട്ടലുകളുടെയും റിസോർട്ടുകളുടെയും മാത്രം വിശദാംശംങ്ങൾ പരിശോധിച്ചതിൽ 15 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ലായെന്ന് വ്യകതമായി. 17 വാർഡുകളിലെയും വസ്തു നികുതി നിർണ്ണയവും, ലൈസൻസ് എടുത്തിട്ടുള്ള ആളുകളുടെ വിശദാംശംങ്ങളും ഉൾപ്പെടുത്തി പരിശോധിക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. മാത്രമല്ല ബജറ്റ് രൂപീകരണ വേളയിൽ ഇപ്രകാരമുള്ള വരവിനെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം അടുത്ത വർഷത്തേയ്ക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഒരോ വർഷവും ജനവരി 15-ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ, സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അതത് സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സമർപ്പിക്കേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല, ഇത്തരത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ വിശദമായ ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ജനവരി 15 ന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് നൽകുകയും കമ്മറ്റി ആയത് പരിശോധിച്ച് സ്ഥാപനങ്ങൾ ഒന്നും

ഒഴിവാക്കപ്പെട്ടിട്ടില്ല എന്ന് ഉറപ്പു വരുത്തുകയും ചെയ്തതിരുന്നെങ്കിൽ ലൈസൻസ് എടുക്കുന്നതിൽ നിന്നും ഇത്രയധികം സ്ഥാപനങ്ങൾ ഒഴിവാക്കപ്പെടില്ലായിരുന്നു.

വരും വർഷങ്ങളിൽ ലൈസൻസ് എടുക്കുന്നതിന് ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിശദമായ ലിസ്റ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാക്കേണ്ടതും ആയത് ജനവരി 15 ന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് നൽകുകയും ചെയ്യേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി സ്ഥാപനങ്ങൾ എല്ലാം ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കി ബജറ്റ് തയ്യാറാക്കേണ്ടതുമാണ്.

## 2-3 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

വാടക രജിസ്റ്റർ, വാർഷിക കണക്കുകൾ എന്നിവ പരിശോധിച്ചതിൽ താഴെ വ്യക്തമാക്കുന്ന പ്രകാരമുള്ള കുടിശ്ശികയുള്ളതായി കാണുന്നു.

| ക്രമ നം | സാമ്പത്തിക വർഷം | വാടകക്കാരന്റെ പേര് | റൂം നമ്പർ | പ്രതിമാസ വാടക | കുടിശ്ശിക മാസങ്ങൾ | കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | 2016-17 | പി.എസ്. മുഹമ്മദ് കുഞ്ഞ് | ള്ളക്കപാലം മാർക്കറ്റ്, x/2 | 1352 | 12 | 16224 |
| 2 | 2016-7 | ഭാസ്കരൻ | ള്ളക്കപാലം മാർക്കറ്റ്, x/5 | 413 | 6 | 2739 |
| വാടക രജിസ്റ്റർ പ്രകാരം 2016-17 സാമ്പത്തിക വർഷത്തെ കുടിശ്ശിക | | | | | | 18961 |
| 3 | 2017-18 | ശിവരാമൻ | ള്ളക്കപാലം മാർക്കറ്റ്, x/4 | 858 | | 15 |
| 4 | 2017-18 | ഭാസ്കരൻ | ള്ളക്കപാലം മാർക്കറ്റ്, x/5 | 1004 | 12 | 12048 |
| 5 | 2017-18 | അൻസാർ | ള്ളക്കപാലം മാർക്കറ്റ്, x/7 | 850 | 4 | 3400 |
| 6 | 2017-18 | ഹാരിസ് | ള്ളക്കപാലം മാർക്കറ്റ്, x/9 | 908 | 12 | 10896 |
| വാടക രജിസ്റ്റർ പ്രകാരം 2017-18 വർഷത്തെ ആകെ കുടിശ്ശിക | | | | | | 26359 |

കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (5) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാടക സംബന്ധിച്ച മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്കുകൾ പ്രകാരം മുൻവർഷത്തെ കുടിശ്ശിക ₹123340/- ഉം വാടക രജിസ്റ്റർ പ്രകാരം ₹18961/- ഉം കുടിശ്ശികയുണ്ട്. രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ തമ്മിൽ വ്യത്യാസമുണ്ടായതിന് വിശദീകരണം നൽകേണ്ടതാണ്.

2. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 20.10.2017 ലെ 2-ാം നമ്പർ തീരുമാന പ്രകാരം വാടക കുടിശ്ശിക പിരിച്ചെടുക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. വാടകക്കാരുമായി കരാർ ചമച്ചിട്ടുള്ളതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വാടക കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കേണ്ടതാണ്. കൂടാതെ കുടിശ്ശികക്കാർക്ക് വീണ്ടും മുറികൾ വാടകയ്ക്ക് നൽകുന്നത് ഒഴിവാക്കേണ്ടതാണ്.

## 2-4 കാറ്റാടി യന്ത്രങ്ങളിൽ നിന്നും ലൈസൻസ് ഫീസും വസ്തു നികുതിയും ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ 10 കാറ്റാടി യന്ത്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ആയതിന് ലൈസൻസ് നൽകുകയോ വസ്തു നികുതി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ലായെന്ന് വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടിയിൽ

(നം.എ.6/703/2018 തീയതി 29.07.18) പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസ് നൽകാത്തതിനും, വസ്തു നികുതി നിർണ്ണയിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം (4) ന് നൽകിയ മറുപടിയിൽ ലൈസൻസ് എടുക്കുന്നതിന് വേണ്ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയെങ്കിലും നിഷേധാത്മക നിലപാടാണ് സ്ഥാപനങ്ങൾ സ്വീകരിച്ചതെന്നും 2010 കാലഘട്ടത്തിൽ പ്രവർത്തനാനുമതി നല്കിയ ഇനത്തിൽ ₹10000/-യും ₹1000/- രൂപ ലൈസൻസ് ഫീസ് ഇനത്തിലും ഈടാക്കിയത് സംബന്ധിച്ച് ഓഡിറ്റ് പരാമർശം അല്ലാതെ പഞ്ചായത്തിൽ മറ്റ് രേഖകൾ ഒന്നും ലഭ്യമല്ലായെന്നും അറിയിച്ചിട്ടുണ്ട്. ഈ മറുപടി അംഗീകരിക്കത്തക്കതല്ല. കാറ്റാടി യന്ത്രങ്ങൾ അനധികൃതമായി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കുന്നു എന്ന് പഞ്ചായത്ത് വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടിയിൽ നിന്നും വ്യക്തമാണ്. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200, 255 പ്രകാരമുള്ള നടപടികളും, 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള നടപടികളും 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 20, 21 പ്രകാരമുള്ള നടപടികളും സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1(എ) അംഗൻവാടി നിർമ്മാണം -തുക ഡിപ്പോസിറ്റ് ചെയ്തു-നിർമ്മാണം ആരംഭിച്ചിട്ടില്ല.

പഞ്ചായത്തിലെ 78,79,96,107,109 നമ്പർ അംഗനവാടികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി ₹580000 വീതം p.w.d -യിൽ 23/2/2018-ൽ നിക്ഷേപിച്ചിട്ടുണ്ട്. നാളിതുവരെ അംഗൻവാടികളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

### 3-1(ബി) സാങ്കേതിക വിഭാഗം ജീവനക്കാരുടെ ദൗർലഭ്യം- വികസന പ്രവർത്തനങ്ങൾക്ക് തടസ്സം - അംഗൻവാടി നിർമ്മാണം-തുക ഡിപ്പോസിറ്റ് ചെയ്തു-നിർമ്മാണം ആരംഭിച്ചിട്ടില്ല.

ഓഡിറ്റ് വർഷം 133 പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും 31 പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. ഇതിൽതന്നെ 2016-17-ൽ സ്പിൽഓവറായിരുന്ന 7 പ്രവർത്തികൾ 2017-18-ലും സ്പിൽഓവറായി തുടരുന്നു. മരാമത്ത് പ്രവർത്തികൾ ഇപ്രകാരം അനിശ്ചിതമായി നീണ്ടുപോകുന്നത് ധനനഷ്ടത്തിനും വികസനത്തിനും തടസ്സമാകും. ആയതിനാൽ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് ആവിശ്യമായ നടപടികൾ സ്വീകരിക്കുവാൻ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് രണ്ട് പഞ്ചായത്തിലെ മരാമത്ത് പ്രവർത്തികളുടെ ചുമതലയാണുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ, ഫസ്റ്റ് ഗ്രേഡ് ഓവർസിയർ, സെക്കന്റ് ഗ്രേഡ് ഓവർസിയർ, തേഡ് ഗ്രേഡ് ഓവർസിയർ എന്നിങ്ങനെ നാല് സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകളാണ് പഞ്ചായത്തിന് അനുവദിച്ചിരിക്കുന്നത്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ മാത്രമാണ് നിലവിലുള്ളത്. സാങ്കേതിക വിഭാഗം ജീവനക്കാരുടെ ദൗർലഭ്യം- വികസന

പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനും ഭരണസമതി ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്തിലെ 78,79,96,107,109 നമ്പർ അംഗനവാടികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 580000 രൂപ വീതം p.w.d -യിൽ 23/2/2018-ൽ നിക്ഷേപിച്ചിട്ടുണ്ട്.നാളിതുവരെ അംഗൻവാടികളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. നിർമ്മാണപ്രവർത്തമങ്ങൾ ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

## 3-2 അംഗൻവാടി കെട്ടിടം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവര്ത്തിക്കുന്നു

പഞ്ചായത്തിന്റെ 16-ാം വാർഡിൽ പ്രവർത്തിക്കുന്ന 108-ാം നമ്പർ അംഗൻ വാടി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പ്രവര്ത്തിക്കുന്നത്. ഈ അംഗൻവാടി മെയിന്റനൻസിനായി ₹150000/- സാമ്പത്തിക വർഷം വകയിരുത്തിയിരുന്നു വെങ്കിലും യാതൊരു പ്രവർത്തികളും നടത്തിയിട്ടില്ല. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടത്തിൽ നിന്നും അംഗൻവാടി മാറ്റി പ്രവർത്തിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 വാർഷിക പദ്ധതി- തനതു ഫണ്ടിന്റെ അശാസ്ത്രീയ വകയിരുത്തൽ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.03.2017-ലെ ജി.ഒ.(എം.എസ്) 72/2017 നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ച 13-ാം പഞ്ചവത്സരപദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായാണ് 2017-18-ലെ വാർഷികപദ്ധതി തയ്യാറാക്കേണ്ടത്. കേരള പഞ്ചായത്ത് രാജ് നിയമം, അതിനെ പറ്റി വിജ്ഞാപനം ചെയ്തിട്ടുള്ള ചട്ടങ്ങൾ എന്നിവ പ്രകാരം, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ വികസനേതര ചെലവുകൾ, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, അനിവാര്യ-പൊതു ചുമതലകൾ നിറവേറ്റുന്നതിന് വേണ്ടി വരുന്ന ആവർത്തന സ്വഭാവമുള്ള ചെലവുകൾ, ശുചീകരണം, കുടിവെള്ളവിതരണം, വൈദ്യുതി ചാർജ്, വെള്ളക്കരം, തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയ അടിയന്തിര പ്രവൃത്തികൾ, പെറ്റി വർക്കുകൾ എന്നിവയ്ക്കാവശ്യമായ തുക ബജറ്റിൽ മാറ്റിവെച്ചശേഷം മിച്ചമുള്ള തുകയാണ് തനതുഫണ്ട് സ്രോതസായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. (ഖണ്ഡിക 11.1.(3)-(6), 11.2.(1) കാണുക). സമാനമായ നിർദ്ദേശം തന്നെയാണ് തനതു ഫണ്ട് വകയിരുത്തലുമായി ബന്ധപ്പെട്ട് മുൻ പഞ്ചവത്സരപദ്ധതി മാർഗരേഖകളിലും പ്രതിപാദിച്ചിട്ടുള്ളത്.

എന്നാൽ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷവും മുൻവർഷങ്ങളിലും പ്രസ്തുത മാർഗനിർദേശം പാലിക്കാതെയാണ് വാർഷികപദ്ധതി ആസൂത്രണം ചെയ്തത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഓഡിറ്റ് വർഷത്തെ കണക്കുകൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| A | 1.4.17-ലെതനതു ഫണ്ട് നീക്കിയിരിപ്പ് (GPG ഉൾപ്പടെ) | 1,52,16,957 |
| B | ബജറ്റ പ്രകാരം പ്രതീക്ഷിച്ച തനതു വരവുകൾ (GPG ഉൾപ്പടെ) | 2,20,00,000 |
| C | ആകെ | 3,72,16,957 |
| D | പദ്ധതിയേതര, അനിവാര്യ -മേഖലാപരമായ ചുമതലകൾ,പെറ്റി വർക്കുകൾ തുടങ്ങിയവയ്ക്ക് ബജറ്റിൽ വകയിരുത്തിയ തുക | 2,30,00,000 |

| | | |
|---|---|---|
| E | 2017-18 വാർഷിക പദ്ധതിക്ക് തനതു ഫണ്ടിൽ നിന്ന് വകയിരുത്താമായിരുന്ന തുക (C-D) | 1,42,16,957 |
| F | വകയിരുത്തിയ തുക (SULEKHA കണക്കുകൾ പ്രകാരം) | 37,94,588 (27%) |
| G | ചെലവഴിച്ച തുക (SULEKHA കണക്കുകൾ പ്രകാരം) | 17,08,135 |

തനതു ഫണ്ടിന്റെ തൻവർഷ യഥാർത്ഥ വരവ്-ചെലവ് സംക്ഷിപ്തം

| | |
|---|---|
| മുന്നിരിപ്പ് | 1,52,16,957 |
| വരവ് | 1,55,44,684 |
| ആകെ | 3,07,61,641 |
| ചെലവ് | 2,15,94,728 |
| നീക്കിയിരിപ്പ് | 91,66,913 |

91 ലക്ഷത്തിൽപ്പരം രൂപ നീക്കിബാക്കിയുണ്ടായിരിക്കുകയും തനതു ഫണ്ടിൽ മുൻവർഷത്തേതിനു സമാനമായ രീതിയിൽ വരവു ചെലവുകൾ പ്രതീക്ഷിക്കുകയും ചെയ്യുന്നുവെങ്കിലും 2018-19 വാർഷിക പദ്ധതിക്ക് കേവലം ₹33,42,000/- മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്ന കാര്യം ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്.

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി കാലയളവിലെ വാർഷിക പദ്ധതികൾക്കും മുൻ ഖണ്ഡികയിൽ പരാമർശിച്ചതിൽനിന്ന് വിഭിന്നമായല്ല തനതു ഫണ്ട് വകയിരുത്തിയതും ചെലവഴിച്ചതും അതിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | വകയിരുത്തൽ | ചെലവ് |
|---|---|---|
| 2012-13 | 17,56,487 | 7,89,734 |
| 2013-14 | 11,23,595 | 7,59,108 |
| 2014-15 | 32,97,300 | 7,60,117 |
| 2015-16 | 59,39,886 | 32,14,691 |
| 2016-17 | 55,26,633 | 15,62,448 |

തനതു ഫണ്ട് വകയിരുത്തലിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ലായെന്ന വസ്തുത പട്ടികയിൽ നൽകിയിട്ടുള്ള കണക്കുകളിൽനിന്ന് വ്യക്തമാണ്. ജനങ്ങളിൽനിന്ന് പിരിച്ചെടുക്കുന്ന നികുതിപ്പണം അവരുടെ സർവതോമുഖമായ വികസനത്തിനു സമയബന്ധിതമായി വിനിയോഗിക്കുന്നതിനു പകരം ബാങ്ക്/ ട്രഷറി അക്കൗണ്ടുകളിൽ മുതനിക്ഷേപമായി സൂക്ഷിക്കുന്ന നടപടി, ജനങ്ങൾക്ക് ഏറ്റവും അടുത്തുനിന്ന് സേവനമെത്തിക്കാൻ ഭരണഘടനാനുസൃതമായി രൂപവത്ക്കരിച്ച ഗ്രാമപഞ്ചായത്തിന് ഒട്ടുംതന്നെ ഭൂഷണമല്ല. ആകയാൽ പഞ്ചവത്സര പദ്ധതി മാർഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം തനതു ഫണ്ട് വിഹിതം വാർഷിക പദ്ധതികൾക്ക് വകയിരുത്താനും അത് കാര്യക്ഷമവും സമയബന്ധിതവുമായി വിനിയോഗിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, ധനകാര്യ-വികസന സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-4 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 282 അനുസരിച്ച്, 3 വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ഗ്രാമപഞ്ചായത്ത് ഋണബാധ്യതാ കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നിക്ഷേപങ്ങളുടെ കാലയളവ് | ആകെ തുക | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|
| 1 | നിരതദ്രവ്യം | 17.12.2010-10.02.2014 | 21810 | വിവിധ വാങ്ങൽ പ്രോജക്ടുകളിലെ വിതരണ ഏജൻസികളിൽ നിന്നും കരാറുകാരിൽ നിന്നുംസ്വീകരിച്ചത് |
| 2 | സെക്യൂരിറ്റി നിക്ഷേപം | 17.12.2010-16.03.2015 | 19725 | ----ടി----- |
| 3 | ലേലനിക്ഷേപം | 27.03.2009-19.10.13 | 69350 | ഗ്രാമപഞ്ചായത്തിന്റെ വിവിധ ആസ്തികളിൽനിന്ന് ഫീസ് പിരിവ് നടത്തുന്നതിനുള്ള കുത്തകാവകാശ ലേലത്തിൽ പങ്കെടുത്ത വ്യക്തികളിൽനിന്ന് സ്വീകരിച്ചത് |
| | ഒട്ടാകെ | 110885/- | | |

കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്തു ഫണ്ടിലേക്ക് മുതൽക്കൂട്ടി കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം രജിസ്റ്ററിലും ആവശ്യമായ മാറ്റങ്ങൾ വരുത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 3-5 പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഗുരുതരമായ കാലവിളംബം

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്കു കൈമാറുന്നതിലും അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് അത് തീർപ്പു കല്പിക്കുന്നതിലും അസാധാരണമായ കാലവിളംബം ഉണ്ടായിട്ടുള്ളതായി രേഖകൾ തെളിയിക്കുന്നു. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷന്റെ പേര് | അപേക്ഷ തീർപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 45 ദിവസം |
| 2 | വിധവാ പെൻഷൻ | 45 ദിവസം |

| | | |
|---|---|---|
| 3 | അൻപതു വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 45ദിവസം |
| 4 | കർഷകത്തൊഴിലാളി പെൻഷൻ | 45ദിവസം |
| 5 | വികലാംഗ പെൻഷൻ | 60ദിവസം |

സമയപരിധി കേവലം ഒന്നര മാസം മുതൽ രണ്ടു മാസം വരെയായിരിക്കെ അപേക്ഷകളിൽ തീരുമാനമെടുക്കാൻ വർഷങ്ങളുടെ കാലതാമസമുണ്ടായതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. (പെൻഷൻഅപേക്ഷകളുടെ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ)

| രജിസ്റ്ററിലെ ക്രമ നം | ഫയൽ നമ്പർ | അപേക്ഷയുടെ തീയതി | അപേക്ഷകന്റെ പേര് | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|
| 1)വികലാംഗ പെൻഷൻ | | | | |
| 39 | 3457 | 15.9.17 | രമണി .കെ.എം | അപേക്ഷ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയെങ്കിലും ഒപ്പിനൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല. നാളിതുവരെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല |
| 40 | 3580 | 19.9.17 | സതീശൻ.കെ.ജി | അപേക്ഷ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയെങ്കിലും ഒപ്പിനൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല. നാളിതുവരെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല |
| 41 | 4066 | 27.10.17 | ജിജി ജോസഫ് | -----ടി----- |
| 45 | എ-65 | 4.1.18 | നാരായണിയമ്മ | -----ടി----- |
| 46 | 799 | 2.2.18 | അഖിൽ.റ്റി.എ | -----ടി----- |
| 2) വാർദ്ധക്യ പെൻഷൻ | | | | |
| 6 | 1609 | 21.4.17 | തങ്കൻ മത്തായി | 29.4.17-ൽ അപേക്ഷ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയെങ്കിലും നാളിതുവരെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല |
| 10 | 1656 | 26.4.17 | കരുണാകരൻ നാരായണൻ | 24.5.17-ൽ അപേക്ഷ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയെങ്കിലും നാളിതുവരെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല |
| 11 | 1657 | 26.4.17 | രാധാമണി കരുണാകരൻ | 24.5,17-ൽ അപേക്ഷ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയെങ്കിലും നാളിതുവരെ റിപ്പോർട്ട് |

| | | | | |
|---|---|---|---|---|
| | | | | ഹാജരാക്കിയിട്ടില്ല |
| 12 | 1864 | 16.5.17 | മേരിക്കുട്ടി ജോസഫ് | 12.6.17-ൽ അപേക്ഷ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയെങ്കിലും നാളിതുവരെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല |
| 51 | 2343 | 1.7.17 | വർഗ്ഗീസ് ബ്ലോക്ക് 933 | 20.7.17-ൽ അപേക്ഷ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയെങ്കിലും നാളിതുവരെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല |
| 3) വിധവാ പെൻഷൻ | | | | |
| 9 | 5646 | 25.11.16 | വിജയമ്മ പുതിയവീട്ടിൽ | രജിസ്റ്ററിലെ ക്രമ നം.78 മുതൽ 153 വരെയുള്ള 76 അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയെങ്കിലും നാളിതുവരെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. പട്ടികയിൽ പരാമർശിക്കുന്ന അപേക്ഷകളുടെ റിപ്പോർട്ട് ഹാജരാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുടർനടപടി വിവരങ്ങളില്ല. |
| 20 | 6129 | 29.12.16 | സജ്ല ബഷീർ | |
| 22 | 69 | 5.1.17 | അനുമോൾ കെ.എസ് | |
| 23 | 112 | 9.1.17 | ഏലിയാമ്മ ജോസഫ് | |
| 87 | 653 | 29.1.18 | വിജയകുമാരി.ഇ.എൻ | |
| 4) കർഷകത്തൊഴിലാളി പെൻഷൻ | | | | |
| 27 | 3512 | 1.8.16 | അന്നമ്മ ഫിലിപ്പോസ് | 30.09.2016-ൽ അപേക്ഷ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയെങ്കിലും നാളിതുവരെ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല |

ഓഡിറ്റ് വേളയിൽ നടത്തിയ പരിശോധനയിൽ 02.02.2018 മുതൽ ലഭിച്ച 25 അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥന് ഇനിയും കൈമാറാതെ സൂക്ഷിച്ചിരിക്കുന്നത് കണ്ടു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് വർഷം പതിമൂന്ന് യോഗങ്ങൾ ചേർന്ന് റിപ്പോർട്ട് ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തലുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പു വരുത്തിയിട്ടില്ല. അടിയന്തിരമായി ഈ വിഷയത്തിൽ ഇടപെടേണ്ടതും ഉചിതമായ പരിഹാര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-6 സംയോജിത പദ്ധതികൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ വിവരങ്ങളില്ല

ഇടുക്കി ജില്ലാ പഞ്ചായത്ത്, നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് എന്നിവർ ലീഡ് പാർട്ണർമാരായി നടപ്പാക്കേണ്ട സംയുക്ത പ്രോജക്ടുകൾക്ക് ഗ്രാമപ്പഞ്ചായത്ത് 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി തുക

കൈമാറിയിട്ടുണ്ടെങ്കിലും അവയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | ലീഡ് പാർട്ണർ | കൈമാറിയ തുക | കൈമാറിയ തീയതി | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | എസ്.084/18<br>പി എം എ വൈ ഗ്രാമപ്പഞ്ചായത്ത് വിഹിതം (ജനറൽ) | നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 60000 | 26.072017 | 710041400000006 നമ്പർ അക്കൗണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തു |
| 2 | എസ് 085/18 പി എം എ വൈ ഗ്രാമപ്പഞ്ചായത്ത് വിഹിതം (എസ് സി പി) | | 20000 | 26.072017 | |
| 3 | എസ് 202/18 വികലാംഗർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ ഗ്രാമപ്പഞ്ചായത്ത് വിഹിതം | | 300000 | 22.11.2017 | |
| 4 | എസ്108/18 എബിസി പ്രോഗ്രാം ഗ്രാമപ്പഞ്ചായത്ത് വിഹിതം | ഇടുക്കി ജില്ലാ പഞ്ചായത്ത് | 100000 | 20.072017 | യൂണിയൻ ബാങ്ക് ചെറുതോണി ശാഖയിലെ 34670201005411 നമ്പർ അക്കൗണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തു |
| | ആകെ | | 480000 | | |

പ്രോജക്ടുകൾ പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-7 ഗ്രാമസേവകൻ മാനദണ്ഡങ്ങൾ പാലിക്കാതെ പദ്ധതികൾ നടപ്പാക്കിയിരിക്കുന്നു.

2017-18-ൽ ഗ്രാമസേവകൻ സർക്കാർ നിർദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പദ്ധതികൾ നടപ്പാക്കിയിരിക്കുന്നത്. സാമ്പത്തിക വർഷം നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ പരിശോധിച്ചതിൽ ഫയലുകളിൽ ബില്ലും അപേക്ഷയുടെ പകർപ്പും മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഭവന പുനരുദ്ധാരണ പ്രോജക്ടുകളുടെയും ഭവന നിർമ്മാണ പ്രോജക്ടുകളുടെയും ഗുണഭോക്താക്കളുടെ അപേക്ഷയിൽ പേര് അല്ലാതെ ഒരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. പുനരുദ്ധാരണം സംബന്ധിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ചതിന്റെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ കൂടാതെ ധനസഹായം അനുവദിച്ചിരിക്കുന്നു. ഭവന നിർമ്മാണ പ്രോജക്ടുകൾക്കും ധനസഹായം അനുവദിച്ചിരിക്കുന്നത് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാതെയാണ്. ഗാർഹിക ബയോഗ്യാസ് പ്ലാന്റ്, സൗരറാന്തൽ വിതരണം എന്നീ പ്രോജക്ടുകളുടെ വിതരണ വിശദാംശങ്ങളും ഹാജരാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗ നിർദേശങ്ങൾ

പാലിക്കാതെ പ്രോജക്ട് നടപ്പാക്കിയിരിക്കുന്നതിനും തൃപ്തികരമായ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7) അപേക്ഷകളിൽ വിശദവിവരങ്ങൾ എഴുതി കൊള്ളാമെന്നും വാല്യൂവേഷൻ സർട്ടിഫിക്കറ്റും മോണിറ്ററിംഗ് സാക്ഷ്യപത്രവും വാങ്ങി ഫയലിൽ സൂക്ഷിച്ചുകൊള്ളാമെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ ഗ്രാമസേവകൻ മറുപടി നൽകിയിരിക്കുന്നത്. മേൽ പ്രോജക്ടുകൾ എല്ലാം മുൻ സാമ്പത്തിക വർഷങ്ങളിൽ ആവിഷ്കരിച്ചതും എന്നാൽ നടപ്പാക്കാതിരുന്നതുമാണ്. സോളാർ റാന്തൽ വിതരണം, ഗാർഹിക ബയോഗ്യാസ് പ്ലാന്റ് വിതരണം എന്നീ പ്രോജക്ടുകളുടെ വിതരണ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. കമ്പ്യൂട്ടർ വാങ്ങിയത് സ്റ്റോക്കിൽ ചേർത്തിട്ടില്ല. സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ ധനസഹായങ്ങൾ അനുവദിച്ചിരിക്കുന്നതിനാൽ വിവിധ പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹2167580/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 11.8.2017, 23.9.2017, 4.1.2018 തീയതികളിൽ ഗ്രാമസേവകൻ പ്രോജക്ടുകൾ അടിയന്തിരമായി പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഗ്രാമസേവകൻ 2017-18 വർഷം നടത്തിയ പദ്ധതികളുടെ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതികളുടെ യഥാസമയത്തുള്ള മോണിറ്ററിംഗും പുരോഗതിയും വിലയിരുത്തുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും ശ്രദ്ധിക്കേണ്ടതാണ്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് വിശദാംശങ്ങൾ | | | ചെലവ് വിവരങ്ങൾ | |
|---|---|---|---|---|
| ക്രമ നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ബിൽ നം/തിയതി | തുക |
| 1 | വീട് മെയിന്റനൻസ് (അംഗപരിമിതർ)- 18/2017-18 | 150000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 10/2017-18 /21.11.2017 | 25000 |
| | | | 13/2017-18 /6.1.2018 | 125000 |
| 2 | ഭവനനിർമ്മാണം (ജനറൽ)- 19/2017-18 | 200000 (വികസന ഫണ്ട്-ജനറൽ) | 17/2017-18/ 24.3.2018 | 140000 |
| | | | 21/2017-18/ 31.3.2018 | 60000 |
| 3 | വീട് മെയിന്റനൻസ് (ജനറൽ)- 20/2017-18 | 225000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 4/2017-18/ 29.7.2017 | 25000 |
| | | | 11/2017-18/ 6.1.2018 | 200000 |
| 4 | ഭവന പുനരുദ്ധാരണം (വിധവകൾ)- 22/2017-18 | 50000 (വികസന ഫണ്ട്-ജനറൽ) | 2/2017-18/ 29.7.2017 | 50000 |
| 5 | ഭവന പുനരുദ്ധാരണം (ശാരീരിക | 250000 (വികസന ഫണ്ട്-ജനറൽ) | 3/2017-18/ 29.7.2017 | 25000 |

| | | | | |
|---|---|---|---|---|
| | മാനസിക വൈകല്യമുള്ളവർ)- 23/2017-18 | | 16/2017-18/ 28.2.2018 | 75000 |
| | | | 23/2017-18/ 24.3.2018 | 125000 |
| 6 | ഭവന പുനരുദ്ധാരണം (ജനറൽ)- 24/2017-18 | 469127 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1/2017-18/ 29.7.2017 | 175000 |
| | | | 9/2017-18/ 21.11.2017 | 50000 |
| | | | 15/2017-18/ 28.2.2018 | 100000 |
| 7 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ്-25/2017-18 | 1300000 (വികസന ഫണ്ട്-ജനറൽ) | 19/2017-18/ 31.3.2018 | 395580 |
| 8 | ഭവന പുനരുദ്ധാരണം (വനിത)-26/2017-18 | 195000 (വികസന ഫണ്ട്-ജനറൽ) | 12/2017-18/ 6.1.2018 | 195000 |
| | | | 14/2017-18/ 6.1.2018 | 105000 |
| 9 | സൗരറാന്തൽ വിതരണം (എസ്.സി.പി)- 27/2017-18 | 400000 (വികസന ഫണ്ട്- എസ്.സി.പി) | 20/2017-18/ 31.3.2018 | 242000 |
| 10 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- 166/2017-18 | 75000 (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) | 22/2017-18/ 31.3.2018 | 55000 |
| | ആകെ | | | 2167580 |

## 3-8 പച്ചക്കറിത്തൈ വിതരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | 160/2017-18 പച്ചക്കറി തൈ വിതരണം-വനിത<br>(അടങ്കൽ 8 ലക്ഷം) |
| ബിൽ നം./തീയതി | 1/2017-18 തി. 28.3.2018 |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| തുക | 800000.00 |

2017-18 വർഷം നടപ്പാക്കിയ പച്ചക്കറി തൈ വിതരണം എന്ന പ്രോജക്ട് സർക്കാർ നിബന്ധനകൾ പൂർണ്ണമായും പാലിക്കാതെയാണ് നടപ്പാക്കിയിട്ടുള്ളത്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 14.7.2017 ലെ 2-ാം നമ്പർ തീരുമാന പ്രകാരം മഴക്കാലം അവസാനിക്കുന്നതിന് മുമ്പ് പദ്ധതി നടപ്പാക്കണമെന്ന് നിർദേശിച്ചു. പദ്ധതിക്കായി

2017 ജൂലൈ മാസത്തിൽ ഗുണഭോക്താക്കൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മറ്റിയുടെ 25.9.2017 ലെ 1-2 തീരുമാനം പ്രകാരം ടെണ്ടർ ക്ഷണിക്കുന്നതിന് കൃഷി ഓഫീസർക്ക് നിർദേശം നൽകി. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി 24.10.2017-ൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 14.7.2017 ലെ സ.ഉ.(എം.എസ്).137/2017 പ്രകാരം 5 ലക്ഷത്തിൽ കൂടുതൽ തുകയുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നത് നിർബന്ധമായും ഇ ടെണ്ടർ മുഖേന വേണമെന്ന് നിഷ്കർഷിച്ചത് പാലിക്കാത്തതിനാൽ വീണ്ടും 20.12.2017 ൽ ഇ-ടെണ്ടർ ക്ഷണിക്കേണ്ടി വന്നു. ടെണ്ടർ വിജയിയായ ഹരിതശ്രീ ഓർഗാനിക്ക് നേഴ്സറി, വലിയതോവാളയുമായി കരാർ വച്ചിട്ടില്ല, സപ്ലൈ ഓർഡറും നൽകിയിട്ടില്ല. പച്ചക്കറി തൈകൾ എത്ര ദിവസത്തിനകം സപ്ലൈ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ ടെണ്ടർ അംഗീകരിച്ച ശേഷം രണ്ട് മാസമായപ്പോഴാണ് തൈകൾ വിതരണം ചെയ്തത്. ഒരു യൂണിറ്റിൽ 100 തൈകൾ വീതം 5926 യൂണിറ്റ് പച്ചക്കറി തൈകൾ വിതരണം ചെയ്തിട്ടുള്ളതായി ബില്ലിൽ കാണിച്ചിട്ടുണ്ട്. പച്ചക്കറി തൈകൾ വിതരണം ചെയ്ത ആകെ ഗുണഭോക്താക്കളുടെ എണ്ണം, ഓരോ ഗുണഭോക്താവിനും നൽകിയ തൈകളുടെ എണ്ണം എന്നിവ സംബന്ധിച്ച് വ്യക്തതയില്ല. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2) ആകെ 1375 ഗുണഭോക്താക്കളിൽ 1260 ഗുണഭോക്താക്കൾക്ക് 430 തൈകൾ വീതവും 114 ഗുണഭോക്താക്കൾക്ക് 441 തൈകൾ വീതവും 1 ഗുണഭോക്താവിന് 519 തൈയും വിതരണം ചെയ്തിട്ടുണ്ടെന്ന് കൃഷി ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ, റാൻഡമായി സെലക്ട് ചെയ്ത 20 ഗുണഭോക്താക്കളെ ഫോണിൽ വിളിച്ച് സംസാരിച്ചപ്പോൾ നൂറിനടുത്ത് തൈകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കി. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തപ്പോൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്കും തൈകൾ വിതരണം ചെയ്തിരുന്നുവെന്നും എന്നാൽ, സപ്ലിമെന്ററി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിരുന്നില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ആളുകൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നത് പദ്ധതി മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമാണ്. പ്രോജക്ട് വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറിത്തൈ വിതരണം-വനിത എന്ന പേരിലാണ് ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട പുരുഷൻമാർക്കും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണം ചെയ്യുന്നതിലെ വീഴ്ച കാരണമാണ് പ്രോജക്ട് കൃത്യമായി നടപ്പാക്കുന്നതിന് സാധിക്കാതെ വന്നത്. കരുണാപുരം പോലുള്ള കാർഷിക മേഖലയെ ആശ്രയിച്ച് കഴിയുന്ന പഞ്ചായത്തിൽ കാർഷിക മേഖലയുടെ സമഗ്ര പുരോഗതിക്ക് ഉതകുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദേശങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും കാലവിളംബം കൂടാതെ നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 അംഗൻവാടി പോഷകാഹാരപദ്ധതി കേന്ദ്ര വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന് കീഴിൽ 40 അംഗൻവാടികളാണ് നിലവിലുള്ളത്. ഇവയിലൂടെയുള്ള പോഷകാഹാരവിതരണ പരിപാടിക്ക് മുൻവർഷങ്ങളിൽ ചെലവഴിച്ച തുകയുടെ അൻപതു ശതമാനം തുക തുടർവർഷങ്ങളിലെ സമാന പ്രോജക്ട് നടത്തിപ്പിനായി കേന്ദ്ര സർക്കാർ സാമൂഹ്യനീതി വകുപ്പ് മുഖേന

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. ഇതുപ്രകാരം പൂരക പോഷകാഹാര പരിപാടിക്ക് ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമിക്കുന്നതിനും, കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമിക്കുന്നതിനും കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ / സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുൻഗണന നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 3.9.2010-ലെ 39033/ ഡി.സി2/2010 നമ്പർ സർക്കുലറിൽ നിർദ്ദേശമുണ്ട്. ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 40 അംഗൻവാടികളിൽ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ ഏറെ പരിമിതമാണ്. വൈദ്യുതി കണക്ഷൻ, ചുറ്റുമതിൽ, കുടിവെള്ളം എന്നിവ മിക്ക അംഗൻവാടികളിലും ലഭ്യമാക്കിയിട്ടില്ല. ശുചിമുറി സൗകര്യം വളരെ പരിതാപകരമായ അവസ്ഥയിലും. പല കെട്ടിടങ്ങളും ജീർണിച്ച് നാശോന്മുഖമായ അവസ്ഥയിലാണ്. അംഗൻവാടികളുടെ പ്രവർത്തനവും അടിസ്ഥാനസൗകര്യ വികസനവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മുഖ്യ ചുമതലയിൽപെടുന്ന വിഷയമാണെങ്കിലും ഇത്തരം വിഷയമൊന്നും തൻവർഷത്തെ യോഗങ്ങളിലൊന്നും അജണ്ടയായില്ലെന്നത് ഖേദകരമാണ്. മുൻവർഷം കുഴിപ്പട്ടി അംഗൻവാടിക്ക് കെട്ടിടം നിർമിക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനമെടുത്ത് തുക വകയിരിത്തിയിരുന്നുവെങ്കിലും പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ ഉടമസ്ഥത പഞ്ചായത്തിന് സിദ്ധിക്കാത്തതാണ് നവീകരണ/ നിർമാണ നടപടികൾക്കുള്ള തടസ്സമായി അധികൃതർ ചൂണ്ടിക്കാട്ടുന്നത്. ഇത്തരം സാഹചര്യങ്ങളിൽ തങ്ങളുടെ അദ്ധ്യയനം ആരംഭിക്കേണ്ടി വരുന്നത് സാമ്പത്തികവും സമൂഹ്യവുമായി ഏറ്റവും പിന്നാക്കം നിൽക്കുന്നവരും തോട്ടം തൊഴിലാളികളുമായ ഒരു ജനവിഭാഗത്തിന്റെ അനന്തര തലമുറയ്ക്ക് സ്വാഭാവിക നീതി നിഷേധിക്കുന്നതിന് തുല്യമാണ്.

ഗ്രാമപഞ്ചായത്തിന് കേന്ദ്രവിഹിതയിനത്തിൽ ഓഡിറ്റ് വർഷത്തിൽ ലഭിച്ചതും, മുന്നിരിപ്പ്, ചെലവ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 00 |
| തൻ വർഷം ലഭിച്ച തുക | 1426590 |
| ആകെ | 1426590 |
| ചെലവ് | 00 |
| നീക്കിയിരിപ്പ് | 1426590 |

ലഭ്യമായ തുകയുമായി താരതമ്യം ചെയ്യുമ്പോൾ കേവലം തുച്ഛമായ തുക മാത്രമാണ് പൂരകപോഷകാഹാര പരിപാടിയ്ക്കായി കേന്ദ്ര വിഹിതത്തിൽനിന്ന് ചെലവഴിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ അനുമതിയോടെ കേന്ദ്ര വിഹിതത്തിൽ ശേഷിക്കുന്ന തുക മേൽ പ്രസ്താവിച്ച സർക്കുലറിൽ പരാമർശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് വിനിയോഗിക്കാത്തതിന് വിശദീകരണം നൽകുവാൻ അറിയിക്കുന്നു.

## 3-10 ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി അവലോകനം

കരുണാപുരം ഗ്രാമപഞ്ചായത്തിൽ ലൈഫ് സമ്പൂർണ്ണ പദ്ധതി 2018-19 തുടങ്ങുകയുണ്ടായി. 342

ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. 2018-19ൽ പഞ്ചായത്ത് വിഹിതമായി ₹5400000/- അടങ്കൽ തുകകയുള്ള പദ്ധതി ആവിഷ്കരിക്കുകയും ഗുണഭോക്താക്കൾക്ക് ₹40000/-വീതം ആദ്യ ഗഡുവായി നൽകുകയും ചെയ്തിട്ടുണ്ട്. ഭവന പദ്ധതിയ്ക്ക് നൽകേണ്ടി വരുന്ന ബാക്കി ധനസഹായം ബ്ലോക്ക് പഞ്ചായത്ത് ₹1505840, ജില്ലാപഞ്ചായത്ത് ₹2420462, എസ്.സി.ഡിപ്പാർട്ട്മെന്റ് വിഹിതം ₹4000000/- നൽകാമെന്ന് അറിയിച്ചിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 1200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1200000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി, ബിൽഡിംഗ് വിഭാഗം | അംഗനവാടികളുടെ കെട്ടിട നിർമ്മാണം | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു | 2900000 | ഇല്ല | 2900000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ജവഹർ ഭവനപദ്ധതി വായ്പയിനത്തിൽ ₹1600000 വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | | തുക | മുതൽ | പലിശ | തുക |
|---|---|---|---|---|---|---|
| ഇ.എം.എസ് ലോൺ | ജി.ഒ(എം.എസ്) 32/2010 ത.സ്വ.ഭസവ തീയതി 29.1.2010 | 15000000 | 4500000 | 1500000 | 0 | 3000000 |
| ജവഹർ ഭവന പദ്ധതി | നം.11.ബി.ഡി1/ 2016 ത.സ്വ.ഭ.വ തീയിതി 20.1.2016 | 15000000 | 13500000 | 1500000 | 0 | 12000000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹10/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1996-97 | 29(a) | 10 | ശ്രീ. ശിവൻപിള്ള | 1171001026097/ 29.12.17 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 38 | 2003-04 | | ട്രാക്ടറിന് അധിക ചെലവ് ₹8570/- | തൽസ്ഥിതി തുടരുന്നു |
| 2000-01 | 39 | 2003-04 | 6.3.2 | കറന്റ് ചാർജ്ജ് ₹27876 | തൽസ്ഥിതി തുടരുന്നു |
| 2006-07 | 2-7 | 2009-10 | 2-6 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിടെ ആസ്തികൾ വാടകയ്ക്ക് കൊടുക്കുന്നവരുമായി കരാർ ചമയ്ക്കാത്തത്-ഷോപ്പിംഗ് കോംപ്ലക്സ് ഉൾക്കുപാലം മാർക്കറ്റ്-നഷ്ടം 7527/- | തൽസ്ഥിതി തുടരുന്നു |
| 2007-08 | 3-4 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം-കെ.എസ്.ഇ.ബി, എസ്.എസ്.എ, ഊർജ സുരക്ഷ മിഷൻ -608047/- | തൽസ്ഥിതി തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2008-09 | 3-12 | 2011-12 | 2-4 | വരുമാന പരിധിയിലും ഉയർന്ന വരുമാനമുള്ളവർക്ക് ആനുകൂല്യം നൽകി-₹2000/- | തൽസ്ഥിതി തുടരുന്നു |
| | അനുബന്ധം 2 | 2014-15 | | നിഷ്ക്രിയ ആസ്തികൾ-അവലോകന റിപ്പോർട്ട് | തൽസ്ഥിതി തുടരുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)** ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തര വാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോ ഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാ ക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങൾ | | ആകെ ലഭ്യ മായ തുക | അവ ശേഷി ക്കുന്ന തുക/ ബാദ്ധ്യത | റിമാർ ക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 28 | പി.റ്റി. ഏലിയാമ്മ | LF9391/Spl. Cell./SC2002 /8/10/02 | 4548 | | | | | | 4548 | |
| | | 30 | " | LF9391/Spl. Cell./SC2002 /8/10/02 | 517 | | | | | | 517 | |
| | | 31 | " | LF9391/Spl. Cell./SC2002 /8/10/02 | 2250 | | | | | | 2250 | |
| | | 32 | " | LF9391/Spl. Cell./SC2002 /8/10/02 | 539 | | | | | | 539 | |
| | | 33 | " | LF9391/Spl. Cell./SC2002 /8/10/02 | 7425 | | | | | | 7425 | |
| | | 34 | " | LF9391/Spl. Cell./SC2002 /8/10/02 | 2946 | | | | | | 2946 | |
| | 2000-01 | 21 | പി ഡി രവീന്ദ്രൻ | LF 11295/Spl. Cell.SC2/05 /20.06.06 | 2820 | | | WP(C)/1870 /20/09 | | | 2820 | |
| | 2000-01 | 25 | " | LF 11295/Spl. Cell.SC2/05 /20.06.06 | 8050 | | | WP(C)/1870 /20/09 | | | 8050 | |
| | 2000-01 | 38 | " | LF 11295/Spl. Cell.SC2/05/ 20.06.06 | 48701 | | | WP(C)/1870 /20/09 | | | 48701 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | 2000-01 | 39 | “ | LF 11295/Spl. Cell.SC2/05/ 20.06.06 | 48701 | | | WP(C)/1870 /20/09 | | | 48701 | |
| | 2000-01 | 45 | “ | LF 11295/Spl. Cell.SC2/05/ 20.06.06 | 6394 | | | WP(C)/1870 /20/09 | | | 6394 | |
| | 2000-01 | 48 | “ | LF 11295/Spl. Cell.SC2/05/ 20.06.06 | | | | | | | | |
| 1 | 2001-02 | 2-2 2-11, 2-14(2) | പി ഡി രവീന്ദ്രൻ | LF 6903/06 DT 25/05 | 242000 | - | - | - | - | - | 242000 | - |
| 2 | 2005-06 | 3-4 | എൻ.ജെ. ജോസഫ് | LF 1781/Spl. Cell./SC2/08/ 13.5.10 | 2158 | - | - | - | - | - | - | - |
| | “ | “ | കെ.എം. ഉഷാനന്ദൻ | LF 1781/ Spl. Cell./ SC2/08/ 13.5.10 | 2159 | | | | | | 2159 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 87027391 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 93388220 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2167580 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 2167580 | ശ്രീ. എ.സി. മനോജ്, വി.ഇ.ഒ. |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീ. എ.സി. മനോജ്, വി.ഇ.ഒ | വി.ഇ.ഒ., കരുണാപുരം ഗ്രാമപഞ്ചായത്ത് | അശ്വതിവിലാസം പീരുമേട് പി.ഒ. പീരുമേട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 98-99 | Ksa-Idk 12/207/18 dt18/01/18 | 6 | 28,30,31,32,33,34 |
| 2000-01 | Ksa-Idk 12/207/18 dt18/01/18 | 5 | 21,25,38,39,45,48 |
| 01-02 | Ksa-Idk 12/207/18 dt18/01/18 | 2 | 2-2-11,2-14-2 |
| 05-06 | Ksa-Idk 12/207/18 dt18/01/18 | 1 | 3-4 |
| 06-07 | LFI.12/511/15 dt 01/07/2015 | 7 | 2-1,2-2,2-3,3-1,3-2,3-3,3-4 |
| 07-08 | LFI12/1029/2011dt 14/10/11 | 22 | 2-1മുതൽ2-14, 3-1 മുതൽ3-8 |
| 08-09 | LFI12/725/12 dt22/01/14 | 25 | 2-1 മുതൽ 2-12,3-1to3-4,3-6to3-15 |
| 09-10 | LFI 12/726 /2/12DT21/03/13 | 13 | 2-1,2-3,2-4,2-5,2-6,2-7,3-1, 3-2,3-3,3-6,3-7,3-8,3-9 |
| 10-11 | LFA-12/23/14 dt10/9/14 | 16 | 2-1,2-2,2-4,3-1,3-2,3-3, 3-4,3-5, 3-6,3-7,3-8,3-9,3-10, 3-11,3-12,3-13 |
| 11-12 | LFI 12/1292/14 | 8 | 2-1,2-2,2-3,2-4,3-1, 3-2,3-3,3-4 |
| 12-13 | LFI 12/511/15 | 7 | 2-1,2-2,2-3,3-1, 3-2,3-3,3-4 |
| 13-14 | Ksa-idk 12/91/2016 dt 31/05/16 | 7 | 2-1,2-2,2-3,3-1, 3-2,3-3,3-4 |

| | | | |
|---|---|---|---|
| 14-15 | KSA-IDK12/1144/16 | 6 | 2-1,3-1,3-2,3-3,3-4,3-5 |
| 15-16 | KSA IDK 12/450/17dt 11/4/2017 | 12 | 2-1,2-2,2-3,2-4, 2-5,3-1,3-2, 3-3,3-4,3-5,3-6,3-7 |
| 16-17 | KSA-IDK 12/1509/17 dt2/11/17 | 11 | 2-1,2-2,2-3,2-4, 2-5,3-1,3-2, 3-3,3-4,3-5,3-6 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം: കെ.എസ്.എ.12/1167/2018 തീയതി:30.10.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കരുണാപുരം ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി ജില്ല